**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .**94** 28-10-2019 -ൽ മറുപടിക്ക്

## പുനർനിർമാണ സഹായനിധി വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.വീണാ ജോർജ്ജ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2018 ലെ പ്രളയാനന്തരം സർക്കാർ അനുവദിച്ച പുനർനിർമാണ സഹായനിധി വിതരണം ഏതു ഘട്ടത്തിലാണെന്നും എല്ലാ ഗഡുക്കളും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | എ) | വീടുകളുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് 15% മുതൽ 100% വരെ തകർച്ച നേരിട്ടതായി കണ്ടെത്തിയിട്ടുള്ള 4,28,512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 4,12,853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകി തീർപ്പാക്കി. 16,387 വീടുകൾ പൂർണ്ണമായും തകർന്നു എന്നാണ് അപ്പീലുകൾ കൂടി പരിഗണിച്ച ശേഷം നിലവിലെ കണക്ക്. ഇവയിൽ 8,131 വീടുകളുടെ പണി പൂർത്തിയായി. പൂർണ്ണമായി നാശനഷ്ടം സംഭവിച്ച വീടുകൾ സർക്കാർ ധനസഹായത്തോടെ പുനർനിർമ്മിക്കുന്നതിന് നൽകുന്ന 4 ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം മുൻകൂറായി നൽകുകയും തറ (ബേസ്മെന്റ്) പണി പൂർത്തീകരിക്കുമ്പോൾ രണ്ടാം ഗഡുവും ലിന്റൽ ലെവൽ പൂർത്തിയാക്കുന്നതോടെ മൂന്നാമത്തെ ഗഡു ധനസഹായവും അനുവദിച്ചു വരുന്നു. |
| ബി) | ആറന്മുളയിൽ എത്ര വീടുകൾ ഇതുപയോഗിച്ച് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | ബി) | ആറന്മുള മണ്ഡലത്തിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് ആകെ 109 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) | 2019 ലെ പ്രളയാനന്തരം സർക്കാർ അനുവദിച്ച സഹായനിധി വിതരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | സി) | 2019 ലെ പ്രളയാനന്തരം സർക്കാർ അനുവദിച്ച സഹായനിധി വിതരണം തുടർന്നു വരുന്നു. |
| ഡി) | ആറന്മുള മണ്ഡലത്തിൽ എത്ര പേർ ഇതിന്റെ ഗുണഭോക്താക്കളാണെന്നുള്ള വിശദവിവരങ്ങൾ നൽകാമോ? | ഡി) | ആറന്മുള മണ്ഡലത്തിലുൾപ്പെടുന്ന കോഴഞ്ചേരി, തിരുവല്ല താലൂക്കുകളിലായി 2784 കുടുംബങ്ങൾക്ക് 2,78,40,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ